"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്- 15-ാം കേരള നിയമസഭ- 16-ാം സമ്മേളനം-നിയമസഭാ സമ്മേളനത്തിൽ ജലവിഭവ വകുപ്പിന്റെ ഉപയോഗത്തിനായി വാഹനം ഏർപ്പെടുത്തുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ(പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.11/2026/WRD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- 1. 01/01/2026 തീയതിയിലെ KLS/9746/2025/Table-I നമ്പർ ഗസറ്റ് വിജ്ഞാപനം (അസാധാരണം)

**ഉത്തരവ്**

15-ാം കേരള നിയമസഭ 16-ാം സമ്മേളനം 20/01/2026 മുതൽ 26/03/2026 വരെയുള്ള കാലയളവിലേയ്ക്ക് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന്, ജലവിഭവ (പാർലമെന്റ്) വകുപ്പിന്റെ ഉപയോഗത്തിനായി താഴെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ ഓഫീസ് ആവശ്യവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ഡ്രൈവറുടെ സേവനം സഹിതം **നല്ല പ്രവർത്തനക്ഷമതയുള്ള വാഹനങ്ങൾ ഏർപ്പെടുത്തുന്നതിന്** ചീഫ് എൻജിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

| വകുപ്പദ്ധ്യക്ഷൻമാർ | തീയതി | റിമാർക്സ് |
|---|---|---|
| ചീഫ് എൻജിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ | 20/01/2026 മുതൽ 05/02/2026 വരെയും<br>18/02/2026 മുതൽ 28/02/2026 വരെയും | 01/02/2026, 23/02/2026 തീയതികളിൽ രണ്ട് വാഹനങ്ങൾ ആവശ്യമുണ്ട്. |
| മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി | 01/03/2026 മുതൽ 26/03/2026 വരെ | 04/03/2026, 11/03/2026, 18/03/2026 തീയതികളിൽ രണ്ട് വാഹനങ്ങൾ ആവശ്യമുണ്ട്. |

ഇപ്രകാരം ലഭ്യമാക്കുന്ന വാഹനം നിയമസഭാ സമ്മേളനം കഴിയുന്നത് വരെ താൽകാലിക നടപടിയെന്ന നിലയിൽ ജലവിഭവ(പി.എസ്) വകുപ്പ് അണ്ടർ

സെക്രട്ടറിയുടെ ചുമതലയിൽ ആയിരിക്കും. വാഹനവുമായി ബന്ധപ്പെട്ട ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വാഹനങ്ങളുടെ ഡ്രൈവർമാർ, ഗവൺമെന്റ് സെക്രട്ടറിയേറ്റ് ജലവിഭവ (പി.എസ്) വകുപ്പിൽ റിപ്പോർട്ട് ചെയ്യുകയും ആ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് അവരുടെ ചുമതലകൾ നിറവേറ്റുകയും വേണം.
2. ഡ്രൈവർമാർ തങ്ങൾക്ക് ഡ്യൂട്ടി നിർദ്ദേശിക്കപ്പെട്ട എല്ലാ ദിവസവും രാവിലെ **9.00** മണിക്ക് ജലവിഭവ (പി.എസ്) വകുപ്പിൽ ഹാജരായി അറ്റൻഡൻസ് വയ്ക്കേണ്ടതാണ്. **ജലവിഭവ (പി.എസ്) വകുപ്പിന്റെ നിർദ്ദേശമില്ലാതെ ഡ്യൂട്ടി അവസാനിപ്പിച്ച് തിരികെ പോകാൻ പാടുള്ളതല്ല.**
3. നിയമസഭാ സമ്മേളനം ആരംഭിക്കുന്നത് മുതൽ അവസാനിക്കുന്നത് വരെ ഡ്യൂട്ടി ദിവസങ്ങളിൽ വാഹനവും ഡ്രൈവറും നിർബന്ധമായും ജലവിഭവ വകുപ്പിന്റെ സേവനങ്ങൾക്കായി വിട്ടു നൽകേണ്ടതാണ്. **വാഹനം ലഭ്യമാക്കുന്നതിൽ എന്തെങ്കിലും അസൗകര്യം നേരിടുന്ന പക്ഷം വകുപ്പദ്ധ്യക്ഷൻമാർ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SAJI KUMAR J**
സ്പെഷ്യൽ സെക്രട്ടറി

**To,**
ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും)തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്-ന്
ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്
ജലവിഭവ വകുപ്പിലെ ജോയിന്റ് സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
ജലവിഭവ വകുപ്പിലെ എല്ലാ സെക്ഷനുകളും

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 08-01-2026 13:44:55